Draft #1 of File 14658/AC A1-2/2024/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Feb-2024 03:34 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

റഗുലേറ്ററി ബോഡികൾ ക്ക് സമർപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ NOC ആവശ്യപ്പെട്ടുകൊണ്ട് അഫിലിയേറ്റഡ് കോളേജുകൾ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഫീസ് നിശ്ചയിച്ച് കൊണ്ടുള്ള തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1165/AC A 1/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.02.2024

---

*പരാമർശം:*-1.യു.ജി സി യിൽ നിന്നും ലഭിച്ച കത്ത് D.O No.- 2-79/2023(CPP-II) തീയതി . 08.01.2024.

2 .AICTE അപ്പ്രൂവൽ പ്രോസസ്സ് ഹാൻഡ് ബുക്ക് 2024-'27.

**ഉത്തരവ്**

BBA, BMS , BCA മുതലായ പ്രോഗ്രാമുകൾ നടത്തുന്ന എല്ലാ അഫിലിയേറ്റഡ് കോളേജുകളും 2024-'25 അധ്യയന വർഷം മുതൽ AICTE - യുടെ റെഗുലേഷൻ പാലിക്കണമെന്നറിയിച്ചുകൊണ്ട് യു.ജി .സി , പരാമർശം (1) പ്രകാരം നിർദേശിച്ചിരുന്നു. 2024-'25 അധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം AICTE പുറപ്പെടുവിച്ച ഹാൻഡ് ബുക്കിൽ, പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ബന്ധപ്പെട്ട അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയുടെ No Objection Certificate ഹാജരാക്കണമെന്ന് നിർദേശിച്ചിരുന്നു. അപ്രകാരം അഫിലിയേറ്റഡ് കോളേജുകൾ AICTE യിലേക്ക് സമർപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ No Objection Certificate ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷകൾ സർവ്വകലാശാല പരിഗണിക്കുയും, റഗുലേറ്ററി ബോഡികൾക്ക് സമർപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ NOC ആവശ്യപ്പെട്ടുകൊണ്ട് അഫിലിയേറ്റഡ് കോളേജുകൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഫീ ഹെഡിലും നിരക്കിലും ഫീസ് ഈടാക്കുവാൻ തീരുമാനിച്ചുകൊണ്ട് വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

*No Objection Certificate ( to submit before the Regulatory body along with the application for new programmes) - Rs. 5000 /-*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ
2.വി.സി/പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4.AR1(Academic)/ DR1(Academic)/ JR2(Admn)
5. ഇന്റേണൽ ഓഡിറ്റ് 1/ 2 /അക്കൗണ്ട്സ് 3/ 5
6.ഐ.റ്റി സെൽ 1/ 2 /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7.പി.ആർ.ഓ/ എൻക്വയറി /ഐ.ക്യു.എ.സി
8 .സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി /റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 14658/AC A1-2/2024/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Feb-2024 03:34 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം